**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **22-02-2022 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കേന്ദ്രസർക്കാർ എത്ര രൂപയാണ് കുറവ് വരുത്തിയത്; വിശദമാക്കാമോ; | (എ) | 2021-22 വർഷത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ ഇതുവരെ ആകെ 98,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് (ആദ്യം 73,000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 98,000 കോടി രൂപയായി പിന്നീട് ഉയർത്തുകയുണ്ടായി). എന്നാൽ 2022-23 വർഷത്തേയ്ക്ക് 73,000 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നിലവിൽ 25,000 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്. 2019-20-ൽ ആകെ 71,002 കോടി രൂപയും 2020-21-ൽ ആകെ 1,11,170 കോടി രൂപയും ആയിരുന്നു അനുവദിച്ചിരുന്നത്. |
| (ബി) | സംസ്ഥാന സർക്കാർ വിഹിതത്തിൽ തന്മൂലം എത്ര രൂപയാണ് കുറവ് വന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ? | (ബി) | കേന്ദ്ര വിഹിതമുൾപ്പടെ ആകെ സാധന ഘടകമായി (Material component) അനുവദിക്കുന്ന തുകയുടെ 25% ആണ് സംസ്ഥാന വിഹിതമായി വഹിക്കേണ്ടത്. ആയതിനാൽ കേന്ദ്ര സർക്കാർ വിഹിതത്തിൽ ഉണ്ടാകുന്ന കുറവിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതത്തിലും കുറവ് സംഭവിക്കും. 2019-20 മുതൽക്കുള്ള വർഷങ്ങളിൽ സംസ്ഥാനം അംഗീകരിച്ചു നൽകിയ ലേബർ ബജറ്റ്, സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## 2019-20 മുതൽക്കുള്ള വർഷങ്ങളിൽ സംസ്ഥാനം അംഗീകരിച്ചു നൽകിയ ലേബർ ബജറ്റിന്റെയും സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെയും വിവരം

| വർഷം | സംസ്ഥാനം അംഗീകരിച്ച് നൽകിയ തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2019-20 | 9.51 കോടി | 8.02 കോടി | 270254.59 |
| 2020-21 | 10.01 കോടി | 10.22 കോടി | 386772.48 |
| 2021-22 | 10.98 കോടി | 8.76 കോടി(ഇത് വരെ) | 353705.69(ഇത് വരെ) |